(ബി) പ്രസ്തുത അപേക്ഷയിന്മേൽ നടപടിയെടുക്കുവാനുള്ള കാലതാമസം എന്താണ് ;

(സി) ചെയർമാന്റെ അറിവോടുകൂടിയാണോ ശ്രീ. ബി. റ്റി. സാഗറിനെ പിരിച്ചുവിട്ടത് ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ വൈസ് ചെയർമാന്റെ അധികാരങ്ങൾ എന്തെല്ലാം ;

(ഇ) നിയമന അംഗീകാരം ആർക്കാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**ഖാദിബോർഡിലെ പർച്ചേസ് സംവിധാനം**

**171 (4606)** ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദിബോർഡിനുവേണ്ടി പർച്ചേസ് നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(ബി) ബോർഡിന് ഒരു പർച്ചേസ് കമ്മിറ്റിയുണ്ടോ ; എങ്കിൽ ഈ കമ്മിറ്റിയിൽ ഉള്ള അംഗങ്ങൾ ആരൊക്കെയാണ് ; ഇവർക്ക് തുണി പർച്ചേസ് ചെയ്യുന്നതിന് എന്തെല്ലാം യോഗ്യതകളാണ് ഉള്ളത് ;

(സി) 1998-99, 1999-2000, 2000-01, 2001-02, 2002-03 കാലഘട്ടത്തിൽ ഈ പർച്ചേസ് കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ് ;

(ഡി) ഇവർക്ക് പർച്ചേസിനുവേണ്ടി അന്യസംസ്ഥാനങ്ങളിൽ പോയി വരുന്നതിന് കൊടുത്ത ടി.എ., ഡി.എ. മറ്റു ചെലവുകൾ എന്നിവയുടെ കണക്ക് വ്യക്തമാക്കാമോ ;

(ഇ) 1996-97, 1997-98, 1998-99, 1999-2000, 2000-01, 2001-02, 2002-03 വർങ്ങളിൽ ഖാദിബോർഡ് പർച്ചേസ് നടത്തിയ സിൽക്ക് സാരികളുടെ കണക്കും ഇപ്രകാരം വാങ്ങിയ സിൽക്ക് സാരികളിൽ ഓരോ വർഷം വിറ്റ സാരിയുടെ കണക്കും ഓരോ വർഷവും വിൽക്കാതെ ഷോറൂമിൽ ശേഷിക്കുന്ന സാരിയുടെ കണക്കും സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമാക്കുമോ ;

(എഫ്) ഖാദിബോർഡ് മറ്റു സംസ്ഥാനത്തിൽ നിന്ന് ലഭ്യമാക്കുന്ന തുണിത്തരങ്ങൾ ക്വാളിറ്റി മോശമാണെന്ന് പറഞ്ഞ് വാങ്ങിയ ആളുകൾ തിരികെ ഷോറൂമിൽ കൊണ്ടുവന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പർച്ചേസ് നടത്തുന്നതിനും പ്രത്യേകമായി ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. അതാത് വർഷങ്ങളിലെ മാർക്കറ്റിംഗ് വിഭാഗത്തിന്റെ ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ, ഒരു ബോർഡ് മെമ്പർ, മാർക്കറ്റിംഗ്/ഖാദിയുമായി ബന്ധപ്പെട്ട മറ്റൊരുദ്യോഗസ്ഥൻ എന്നിവരുൾപ്പെട്ട ഒരു ടീമാണ് പർച്ചേസ് നടത്തുന്നത്. 1998-99 വർഷത്തിൽ ബോർഡ് മെമ്പർ, ഡെപ്യൂട്ടി ഡയറക്ടർ-മാർക്കറ്റിംഗ് എന്നിവരുൾപ്പെട്ട ടീമാണ് പർച്ചേസ് നടത്തിയത്.

(ബി) പർച്ചേസ് കമ്മിറ്റി നിലവിലില്ല. ഓരോ വർഷവും ഓരോ ടീമിനെ പ്രത്യേകമായി ബോർഡ് തീരുമാനിക്കുകയാണ് ചെയ്യുന്നത്. ഖാദി, മാർക്കറ്റിംഗ് എന്നീ വിഭാഗങ്ങളിലെ പരിചയംകൂടി കണക്കിലെടുത്താണ് ടീമിനെ നിശ്ചയിക്കുന്നത്.

(സി) 1998-99—ശ്രീ. വേലായുധൻ വള്ളിക്കുന്ന് (ബോർഡ് മെമ്പർ), ശ്രീ. ഇ. എൻ. ഗോവിന്ദൻ കുട്ടി (ഡെപ്യൂട്ടി ഡയറക്ടർ-മാർക്കറ്റിംഗ്)

1999-2000—ഇല്ല.

2000-2001—ശ്രീ കെ. എസ്. വേണുഗോപാൽ (ബോർഡ് മെമ്പർ)

ശ്രീ ആർ. ഗംഗാധരൻ നായർ (ഡയറക്ടർ-മാർക്കറ്റിംഗ്), ശ്രീ ഇ. എൻ. ഗോവിന്ദൻ കുട്ടി (ഡെപ്യൂട്ടി ഡയറക്ടർ-ഖാദി)

2001-02—ശ്രീ. ഇ. കെ. ചെല്ലപ്പൻ (ബോർഡ് മെമ്പർ), ശ്രീ. എച്ച് ഹലി ഫത്തൂദ്ദീൻ (ഡയറക്ടർ-മാർക്കറ്റിംഗ്), ശ്രീ. ഒ. എസ്. എ. അസീം (ജൂനിയർ സൂപ്രണ്ട്, മാർക്കറ്റിംഗ്)

2002-2003—ശ്രീ. ഇ. കെ. ചെല്ലപ്പൻ (ബോർഡ് മെമ്പർ), ശ്രീ. എച്ച് ഹലി ഫത്തൂദ്ദീൻ (ഡയറക്ടർ-മാർക്കറ്റിംഗ്)

ശ്രീ. ഒ. എസ്. എ. അസീം (ജൂനിയർ സൂപ്രണ്ട്-മാർക്കറ്റിംഗ്)

(ഡി)

| | | |
|---|---|---|
| 1998-99 | .. | 24,093 രൂപ |
| 1999-2000 | .. | ഇല്ല. |
| 2000-01 | .. | 37,096 രൂപ |
| 2001-02 | .. | 40,035 രൂപ |
| 2002-03 | .. | 42,397 രൂപ |

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഏതാനും സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

**ഖാദിബോർഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഖാദിസംഘങ്ങൾ**

**172 (4607)** ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ഖാദിബോർഡിന്റെ കീഴിൽ എത്ര ഖാദി സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുവെന്ന് വെളിപ്പെടുത്താമോ ;